മിസ്റ്റർ സി ആർ. ഇയ്യണ്ണി: സബ്സിഡി കുറച്ചുകൊണ്ടാണ് എന്നു പറയാൻ നിവൃത്തിയില്ല. ൨൫ ശതമാനമാണ് ആദ്യം സബ്സിഡി കൊടുത്തിരുന്നത്. അപ്പോൾ ആവശ്യക്കാർ കുറവാണെന്നു കണ്ടതിനാൽ അതു ൫൦ ശതമാനമാക്കി. ആവശ്യക്കാർ കുറച്ചു കൂടിയപ്പോൾ പിന്നീടു ൭൫ ശതമാനമാക്കി. ആവശ്യക്കാർ പിന്നേയും വളരെ അധികമായപ്പോൾ അതു ൧൦൦ ശതമാനമെന്നു ഇപ്പോൾ നിശ്ചയിച്ചിരിക്കുകയാണ്. ഇതുകൊണ്ടു വളം മേടിക്കാൻ ആവശ്യക്കാർ ഇല്ലെന്നുള്ള കഴപ്പം ഇതുവരെ ഉണ്ടായിട്ടില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഇപ്പോൾ വളം ആവശ്യമുള്ളിടത്തോളം കിട്ടുന്നുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: മുഴുവനും കിട്ടുന്നുണ്ടെന്നു പറവാൻ നിവൃത്തിയില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: കൂടുതൽ കിട്ടുവാൻ ശ്രമം ചെയ്യുന്നുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: ഹൈദരബാദിൽനിന്നും ടാറായിൽനിന്നുമാണ് ഇതു കിട്ടുന്നതു. ആ സ്ഥലങ്ങളിൽനിന്നും കിട്ടാവുന്നിടത്തോളം മേടിക്കുന്നുണ്ട്. കൂടുതൽ കിട്ടുന്നതിനുള്ള ശ്രമം ചെയ്യുന്നുമുണ്ട്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: കർഷകർ ആവശ്യപ്പെടുമ്പോൾ വളം കിട്ടുന്നില്ലെന്ന് ആക്ഷേപം കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: ആക്ഷേപം കിട്ടിയിട്ടുണ്ട്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: എന്തുകൊണ്ടാണ് അവർ ആവശ്യപ്പെട്ടയോടം കൊടുക്കാത്തതു?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: സാധനം ഇല്ലാത്തതുകൊണ്ട്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: സാധനം ഉണ്ടായിട്ട് കൊടുക്കാതെ ഇരുന്നിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: ഇല്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: വളം ആവശ്യപ്പെട്ടിട്ട് ആറുമാസം കഴിഞ്ഞിട്ടും ഒരു മറുപടിപോലും അയച്ചിട്ടില്ല എന്നു വല്ല ആക്ഷേപവും കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: അങ്ങിനെ ഉണ്ടാകാം. പക്ഷെ വളമുണ്ടായിട്ട് കൊടുക്കാതെ ഇരുന്നിട്ടുണ്ടാകയില്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri):* What is the particular reason Sir, for reducing the percentage of subsidy from 75 first to 25, then raising to 50 thereby showing a reduction of 25 from 75.

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: വളം സാധാരണ ഉപയോഗിച്ചു പരിചയമില്ലാത്ത ജനങ്ങളുണ്ട്. അങ്ങിനെയുള്ളവരുടെ ഇടയിൽ അതു ചിലവാക്കാനും വളം ഉപയോഗിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുവാനുമാണ് സബ്സിഡി കൂട്ടിയതു. അപ്പോൾ ആവശ്യക്കാർ വളരെ ആളുകൾ വന്നു. അപ്പോൾ സംഖ്യ കുറച്ചു. കുറച്ചിട്ടും മേടിക്കാൻ അധികം ആളുകളുണ്ടെന്നു കണ്ടപ്പോൾ പിന്നേയും കുറക്കുവാനാണ് തീരുമാനിച്ചതു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: അപ്പോൾ വളം ചിലവാകാൻ വേണ്ടിയാണോ ഈ സബ്സിഡി കൊടുത്തതു?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: അതെ.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: അല്ലാതെ കർഷകരെ സഹായിക്കാനല്ല?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: അങ്ങിനേയും ഉദ്ദേശമുണ്ട്.

മിസ്റ്റർ പാറമേൽ ഐപ്പ് ഐപ്പ്: ഈ കൊല്ലത്തിൽ വളം തെങ്ങുകൃഷിക്കു കൊടുക്കുന്നുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: ഇല്ല.

LIFT IRRIGATION—FITTING UP ENGINES IN VELLARAPPILLY

334. Mr. M. I. Paul *(Narakkal):* Will Government be pleased to state.—

(a) how many engines have been fitted up in Vellarappilli for lift irrigation purposes and whether adequate water can be supplied to the agriculturists through these engines; if not whether further steps will be taken to meet the difficulty;

LIBRARY ARCHIVES Kerala Legislative Assembly

(*b*) what has been done with the Kanjoor water pump; has it been refitted; if not, why?

Rao Sahib K. Ayyappan *(Minister for Public Works)*:

(*a*) 3 pumping sets have been installed in the Vellarappilli area, *i.e.*, one at Edat, one at Chengal and one at Puliampilli for the purpose of supplying water for Mundakan crops and water is being supplied to the crops satisfactorily.

(*b*) The Kanjoor water pump refers to the old Vellarappilli lift irrigation works. This has been abolished as the aya cut served by this station is being served by the new pumping stations at Edat and Puliampilli with the exception of about 15 acres. The engines and pumps of the old Vellarapilli station have been reserved for use when necessity arises.

Rao Sahib K. Ayyappan *(Minister for Public Works)*: The answer to sub-division (b) printed here is not quite correct. The Kanjur Vellarapilli lift irrigation work was found useless and therefore it was given up.

Mr. M. I. Paul *(Narakkal)*: May I know whether the Government have any proposal for refitting the old pump and engines of the old Vellarapilli station.

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഞാൻ സ്ഥലത്തുപോയി നോക്കി. തോടിന്റെ എന്തൊ തരക്കുടകൊണ്ടു വെള്ളം ഒരിക്കലും പാടങ്ങളിലേക്കു ഒഴുകിയിട്ടില്ലെന്നാണു് അവിടന്നറിഞ്ഞതു്.

മിസ്റ്റർ എം. ഐ. പോൾ: ഈ പമ്പു ശരിയാക്കിയാൽ വെള്ളം കിട്ടുകയില്ലെ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: പമ്പിന്റെയല്ല തരക്കേടു്. പമ്പുചെയ്താൽ ശരിയായി വെള്ളം പാടത്തു പോകയില്ല.

ANGLO-INDIANS AND JEWS IN STATE SERVICE

335. Mr. S. P. Luiz *(Nominated)*: Will Government be pleased to state.—
The number of Anglo-Indians in permanent State Service and the number of Jews, separately and the grades in which the appointment is effected?

Rao Sahib A. Madhava Prabhu *(Chief Secretary to Government)*:

Anglo Indians	*Jews*
1 on Rs. 10-16	2 on Rs. 10
2 on Rs. 18	3 on Rs. 15-25
2 on Rs. 20	2 on Rs. 20
2 on Rs. 20-40	1 on Rs. 25-30
1 on Rs. 25-40	6 on Rs. 20-40
1 on Rs. 25-60	14
1 on Rs. 30-60	
1 on Rs. 35-60	
1 on Rs. 40-60	
1 on Rs. 60-80	
2 on Rs. 100-125	
1 on Rs. 150-200.	
16	

SALE OF SUGUR AT 10 ANNAS PER POUND

336. മിസ്റ്റർ ജോസ് കെ. വട്ടിസ്സ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി പറയുമൊ.—

പത്തണവെച്ചു് പഞ്ചസാര വിറ്റവിവരം ഇൻഡ്യാഗവമ്മെണ്ടു് അറിഞ്ഞതോട്ടുകൂടി നമ്മുടെ കോട്ടയിൽ സാരമായ കുറവുവരുത്തിയെന്നു കേൾക്കുന്നതിൽ വാസ്തവമുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇങ്ങിനെ ഒരു പ്രസ്താവനകേൾക്കുന്നുണ്ടെങ്കിൽ അതിൽ യാതൊരു വാസ്തവവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly